കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# പിരായിരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം

E-mail:-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.17-228-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം,

വെബ്-www.lfa.kerala.gov.in

തീയതി-08.02.17

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പിരായിരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പിരായിരി ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്.
---------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-1ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഇമെയിൽ മുഖേന)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പി.കെ.ഡി.17-228/17 തീയതി-08.02.17

പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2015- 16
സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 27-7-2016 മുതൽ 9-12-2016 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.എൻ.വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 3-12-2016 മുതൽ 9-12-2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ പി.അരവിന്ദാക്ഷൻ | ഓഡിറ്റ്‌ല ഓഫീസർ |
| 2 | ശ്രീ ചാമിക്കുട്ടി.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ശ്രീമതി നസീറാബാനു.എ | -ടി- |
| 4 | ശ്രീ.പത്മകുമാർ.സി.എൽ | -ടി- |

നിർവ്വഹണാധികാരികൾ

| പ്രസിഡണ്ട് | കാലാവധി |
|---|---|
| ശ്രീ.ബാലചന്ദ്രൻ | 1-4-2015 മുതൽ 31-10-2015വരെ |
| ശ്രീമതി .കല്യാണി | 1-11-2015 മുതൽ 31-3-201വരെ |
| സെക്രട്ടറി | |
| ശ്രീ.ശിവകുമാർ.സി.എസ്സ് | 1-4-2015 മുതൽ 15-12-2015വരെ |
| ശ്രീ.രാമൻകുട്ടി | 16-12-2015 മുതൽ 31-1-2016 വരെ |
| ശ്രീ.ജോയ്സൺ (അധിക ച്ചുമതല) | 1-2-2016 മുതൽ 31-3-2016 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | രഞ്ജിനി.ആർ | 1-4-2015 മുതൽ 31-3-2016 വരെ |
| അസി.എഞ്ചിനീയർ | അഹമ്മദ് കബീർ | 1-4-2015 മുതൽ 31-3-2016വരെ |
| മെഡിക്കൽ ഓഫീസർ. പി.എച്ച്.സി | ഡോ.അദീതി | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽഓഫീസർ (ആയുർവ്വേദം) | ഡോ.സ്മിത.കെ | 1-4-2015 മുതൽ 31-3-2016വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോപതി) | ഡോ. അനുരൂപ്<br>ഡോ. സിനി അബ്രഹാം | 1-4-2015 മുതൽ 3-12-2015വരെ<br>4-12-2015 മുതൽ 31-3-2016 വരെ |
| ഹെഡ്മിസ്ട്രിസ് | മേരി ജോസഫ്<br>ബിജി | 1-4-2015 മുതൽ 14-6-2015വരെ |

| | | |
|---|---|---|
| | | 15-6-2015 മുതൽ 31-3-2016വരെ |
| വെറ്റിനറി സർജൻ. | ഡോ.ജയേഷ് | 1-4-2015 മുതൽ 31-3-2016 വരെ |
| കൃഷി ഓഫീസർ | നഫീസ.എം | 1-4-2015 മുതൽ 23-7-2016 വരെ |
| അസി.സെക്രട്ടറി | ഗംഗ ചുരത്തിൽ | 31-8-2015 മുതൽ 16-1-2016 വരെ |
| അസി.സെക്രട്ടറി | എം.ജി.ജോയ്സൺ | 1-4-2015 മുതൽ 30-8-2015 വരെ<br>17-1-2016 മുതൽ 31-3-2016 വരെ |
| ഐ.സിഡി.എസ്. സൂപ്പർവൈസർ | ഭാമിനി.കെ | 1-4-2015 മുതൽ 31-3-2016വരെ |

ഉള്ളടക്കം

ഭാഗം **1**

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |

ഭാഗം-**II**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 12 | ഡി & ഒ ലൈസൻസ് നല്കുന്നതിലെ അപാകതകൾ സംബന്ധിച്ച്. | 2(1) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

വർക്ക് ഷീറ്റ് പ്രകാരമുള്ള പരാമർശങ്ങൾ ഉൾപ്പെടുത്തുക

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | തെരുവ് വിളക്കുകളുടെ പരിപാലനം-അവലോകനം | 3(1) |
| 2 | സിംഗിൾ ട്യൂബ് സെറ്റ്-വിതരണം,അറ്റകുറ്റ പണി - ക്രമപ്രകാരമല്ല. | 3(2) |
| 3 | പാലിയേറ്റീവ് കെയർ ഭക്ഷണ ചെലവിന് അധിക തുക നല്കിയത് സംബന്ധിച്ച്. | 3(3) |
| 4 | സർക്കാർ ഉത്തരവിന് വിരുദ്ധമായി സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ചത് സംബന്ധിച്ച്. | 3(4) |
| 5 | ഒറ്റടെണ്ടറിന് അംഗീകാരം നല്കിയത് ചട്ടവിരുദ്ധം. | 3(5) |

ഭാഗം-**IV**

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

| സ്ഥാപനം | പിരായിരി ഗ്രാമ പഞ്ചായത്ത് |
|---|---|
| വിസ്തീർണ്ണം | 18.69 ച.കി.മീ |
| ജനസംഖ്യ | 35271 |
| വാർഡുകളുടെ എണ്ണം | 21 |
| ആകെ ജീവനക്കാരുടെ എണ്ണം | 21 |
| സ്ഥിരം | 14 |
| താൽകാലികം | 5 |
| കരാരടിസ്ഥാനത്തിൽ | 1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് വർഷങ്ങളിലെ ബജറ്റ്/ പുതുക്കിയ ബജറ്റ് താഴെ പറയും പ്രകാരം അംഗീകരിച്ചു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി/തീരുമാനം നമ്പർ |
|---|---|
| 2015-16 | തീരുമാനം- നമ്പർ 1തിയതി :25-3-2015 - |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2015 | 28-7-2016 | ബാധകമല്ല | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 09-11-2016 | - |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം *1*-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2015-16 | 26623207 | 56337656 | 82960863 | 74504707 | 8456156 |

*മുന്നിരിപ്പും നീക്കിയിരിപ്പും കയ്യിരിപ്പ് പണം ഉൾപ്പെടെ.

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3539497 | 15549158 | 19088655 | 14064583 | 5024072* | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 3906379 | 6501000 | 10407379 | 6115502 | 4291877* | 0 |
| വികസനഫണ്ട്(ടി.എസ്.പി) | | 21000 | 21000 | 0 | 21000* | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 803495 | 6497000 | 7300495 | 7021802 | 278693** | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1586584 | 4317000 | 5903584 | 2612339 | 3291245** | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 4215534 | 6365901 | 10581435 | 4129548 | 6451887* | 0 |
| ലോക ബാങ്ക് സഹായം | 4641000 | 0 | 4641000 | 3709574 | 931426* | 0 |
| | 68998 | 17590481 | 17659479 | 17656894 | | 2585 |

* VPFA II ലേക്ക് അടവാക്കിയത്.

**വർഷാവസാനം സർക്കാരിലേക്ക് അടവാക്കിയത്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത്(എണ്ണം) | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|
| 15-16 | 226 | 4 | 60 | 72% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 2032420 | 1264360 | 62 |
| വെറ്ററിനറി സർജ്ജൻ | 3 | 1 | 449000 | 49006 | 11 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 4 | 623481 | 513114 | 82 |
| മെഡിക്കൽ ഓഫീസർ-ആയുർവേധം | 2 | 2 | 225000 | 224523 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| വി.ഇ.ഒ | 5 | 3 | 10859500 | 2720000 | 25 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 5480700 | 4653780 | 85 |
| ഹെഡ്മിസ്ട്രിസ് ജി.എൽ.പി.എസ് | 7 | 6 | 1310488 | 1209023 | 92 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 2 | 4235000 | 1772500 | 42 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | 157 | 113 | 31542602 | 19652943 | 62 |
| സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 34 | 26 | 6273699 | 4099337 | 65 |

# 1-7 തനത് വരുമാനം

സ്ഥപനത്തിന് ഈ സാമ്പത്തിക വർഷം തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് / വർദ്ധനവ് ഉണ്ടായിട്ടുണ്ട്

2015-16

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 7178497 | 6062519 | 1115978 |
| നികുതിയേധര വരവുകൾ | 1595651 | 1707064 | 111413 |
| മറ്റു വരവുകൾ | 92562127 | 48568073 | 43994054 |
| ആകെ | 101336275 | 56337656 | 44998619 |

.

# 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 23 | 14 | 9 | - |
| 2 | തൊഴിൽ രഹിത വേതനം | 25 | 17 | 8 | - |
| 3 | വിധവാ പെൻഷൻ | 96 | 88 | 8 | - |
| 4 | വികലാംഗ പെൻഷൻ | 23 | 22 | 1 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3 | 3 | - | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 225 | 209 | 16 | - |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7/12/2016 ലെ 3 pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 18462 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | മുതൽ | /2016 | റിപ്പോർട്ട് ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | - | - | |

## 1-11 അനുബന്ധ പത്രികകൾ

1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് നല്കുന്നതിലെ അപാകതകൾ സംബന്ധിച്ച്.

പിരായിരി പഞ്ചായത്തിന് ഡി ആന്റ് ഒ ലൈസൻസ് നൽകുന്നതിന് സമർപ്പിച്ച അപേക്ഷകളിൽ പൂർണ്ണമായ വിവരം രേഖപ്പെടുത്തുകയോ,അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റുകൾ ഉൾപ്പെടുത്തുകയോ ചെയ്യുന്നില്ല. ചില അപേക്ഷകളിൽ ലൈസൻസ് എന്താവശ്യത്തിനാണെന്നുപോലും രേഖപ്പെടുത്തുന്നില്ല. കൂടാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പരിശോധനാ റിപ്പോർട്ടും ഇല്ല. ഭാവിയിൽ ഇക്കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പൂർണ്ണമല്ലാത്ത ചില അപേകേഷകളുടെ ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1.എം. സച്ചിദാനന്ദൻ.ശ്രീകൃഷ്ണാനിവാസ്,സന്തോഷ് നഗർ,പിരായിരി.

2.കുമാരൻ,വാലിപ്പറമ്പ്,അത്താലൂർ,കൊടുന്തിരപ്പുള്ളി,പലചരക്ക് കട.

3.മുരളീധരൻ.കെ.എം.കൃഷ്ണഗീതം,അത്താലൂർ,കൊടുന്തിരപ്പുള്ളി.

4.അബ്ദുൾജബ്ബാർ,ആന്ത്രാംകുന്ന്,കൊടുന്തിരപ്പുള്ളി, ബേക്കറിസാധനങ്ങളുടെ വില്പന.

5.ശിവരാമൻ,മണികുറ്റിക്കളം,കല്ലേക്കാട്.ചായക്കട.

6.ജീജാഭായ്,കാവിനാൽ,കോയിക്കൽവീട്,കറിപൗഡറുകളുടെ വില്പന.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവുവിളക്കുകളുടെ പരിപാലനം- അവലോകനം

തെരുവുവിളക്കുപരിപാലന പ്രവർത്തികൾക്കായി 2015-16 വർഷത്തിൽ വിവിധ പ്രോജക്ടുകൾ പ്രകാരം ആയിരക്കണക്കിന് വിളക്കുകൾ ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ, സ്റ്റോർ പർച്ചേസ് മാന്വൽ, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയും വാങ്ങൽനടപടികളിലെ സുതാര്യത ഉറപ്പ് വരുത്താതെയുമാണ് പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്. വാർഷിക ആവശ്യം മുൻകൂട്ടി നിശ്ചയിച്ച് പരമാവധി നേട്ടമുണ്ടാക്കുന്ന തരത്തിൽ വാങ്ങലുകൾ ക്രമീകരിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തം ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലയിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണത്തിലെടുത്തുള്ള സമഗ്ര പദ്ധതികൾ തയ്യാറാക്കേണ്ടതാണെന്ന പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ വാർഡ് അടിസ്ഥാനത്തിലുള്ള പ്രോജക്ടുകളും ധാരാളമായി ആവിഷ്കരിച്ച് നടപ്പിലാക്കിട്ടുണ്ട്.

വാങ്ങിയ സാമഗ്രികൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നതിലും നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങൾ ലഭ്യമായ തീയതി രേഖപ്പെടുത്തിക്കാണുന്നില്ല. തെരുവുവിളക്കുകൾ വാർഡ് മെമ്പർമാർക്ക് വിതരണം ചെയ്യുന്നതായാണ് രേഖപ്പെടുത്തലുകളുള്ളത്. മെമ്പർമാർ ഇവ അംഗീകൃത കരാറുകാരന് വിതരണം ചെയ്തതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. ആവശ്യകത വിലയിരുത്താതെയും, കെ.എസ്.ഇ.ബി. യിൽ നിന്നും ക്ലിയറൻസ് വാങ്ങാതേ സപ്ലൈ ഓർഡർ നൽകിയുമാണ് പ്രൊജക്റ്റ് ആവിഷ്കരിച്ച് തെരുവുവിളക്കുകളും, അനുബന്ധ സാമഗ്രികളും വാങ്ങികൂട്ടിയിരിക്കുന്നത്.

2015-16 വർഷത്തിൽ തെരുവുവിളക്ക് പരിപാലനത്തിനായുള്ള എ.എം.സി നൽകിയിരിക്കുന്നത് ബെസ്റ്റ് പവർ സിസ്റ്റംസ്, പാലക്കാട് എന്ന സ്ഥാപനത്തിനാണ്. 2014-15 വർഷത്തെ വാർഷിക അറ്റകുറ്റപണികൾക്കായി ഈ സ്ഥാപനത്തിന് ടെണ്ടർ നൽകിയിരിക്കുന്നത് 20-6-2014 മുതൽ ഒരു വർഷത്തേക്കായതിനാൽ, 4/15, 5/15, 6/15, 8/15 എന്നീ മൂന്ന് മാസങ്ങളിലെ തെരുവ് വിളക്ക് അറ്റകുറ്റ പണിക്കായി ടെണ്ടർ തുകയിലും അധികരിച്ച തുക കരാറുകാരന് നൽകിയിരിക്കുന്നു.

ഇലക്ട്രിക് ലൈൻ നീട്ടുന്നതിനായി ഓരോ വർഷവും ധാരാളം പ്രൊജക്ടുകൾ ആവിഷ്കരിച്ച് വൈദ്യുതി ബോർഡിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പൂർത്തീകരണം ഉറപ്പാക്കുന്നില്ല.( 2015-16 ൽ തെരുവുവിളക്കുകളിൽ മീറ്റർ ഘടിപ്പിക്കാനുള്ള നടപടി കൈകൊണ്ടതിനാൽ 11/2016 മുതൽ വൈദ്യുതിചാർജ്ജിനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. )ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നതുമൂലം വൈദ്യുതി ചാർജ്ജ് ക്രമാതീതമായി വർദ്ധിക്കാനുള്ള സാഹചര്യം ഉണ്ടാകുമെന്നതിനാൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമുമ്പായി ആവശ്യകത കൂടി വിലയിരുത്തുന്നത് ഉചിതമായിരിക്കും.

തെരുവുവിളക്കുകളുടെ വാങ്ങൽ, സ്ഥാപിക്കൽ, എ.എം.സി നൽകൽ, പ്രതിമാസ വൈദ്യുതി ചാർജ്ജ് എന്നിവയിൽ ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ, നടപടിക്രമങ്ങൾ ക്രമപ്രകാരമല്ലാത്തതിനാൽ സ്ഥാപനത്തിനുണ്ടായ നഷ്ടം തുടങ്ങിയ വിഷയങ്ങൾ പ്രത്യേക ഖണ്ഡികകളായി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

## 3-2 സിംഗിൾ ട്യൂബ് സെറ്റ്- വിതരണം, അറ്റകുറ്റ പണി - ക്രമപ്രകാരമല്ല.

2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ പദ്ധതികളിലൂടെ തെരുവ് വിളക്കുക്ക് അറ്റകുറ്റ പണിക്കായി ക്ലൂസിൽ നിന്നും സാധന സാമഗ്രികൾ വാങ്ങിയതിൽ വികസന ഫണ്ടിൽ നിന്നും 1091749 രൂപ ചെലവഴിച്ചിട്ടുണ്ട്. വാങ്ങിയ സാധന സാമഗ്രികളുടെ വിശദാംശങ്ങൾ താഴെ കാണിക്കുന്നു.

പട്ടിക -1

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ബിൽ നം. തിയതി | ചെലവാക്കിയ തുക | വാങ്ങിയ സാധനങ്ങൾ | എണ്ണം |
|---|---|---|---|---|---|
| 15/16 | 19,21 വാർഡുകൾക്ക് ട്യൂബ് സെറ്റ് വാങ്ങൽ | 20/15-16 തിയതി 31-8-16 | 163800 | 1*40 w സിംഗിൾ ട്യൂബ് സെറ്റ് | 100 |
| 24/16 | 2,10,19 വാർഡുകളിലെ എസ്.സി കോളനികളിലേക്ക് സിംഗിൾ ട്യൂബ് സെറ്റ് വാങ്ങൽ | 19/15-16 തിയതി 31-8-16 | 163800 | 1*40 w സിംഗിൾ ട്യൂബ് സെറ്റ് | 100 |
| 29/16 | വിവിധ വാർഡുകളിലെ തെരുവ് വിളക്ക് റിപ്പയറിംഗിനുള്ള സാധനങ്ങൾ വാങ്ങൽ | 21/15-16 തിയതി 28-9-15 | 199720 | 1. 36*40w ട്യൂബ് ലൈറ്റ് | 420 |
| | | | | 2. കോപ്പർ ബലസ്റ്റ് | 840 |
| | | | | 3. സ്റ്റാർട്ടർ | 2100 |
| | | | | 4. സ്റ്റാർട്ടർ ഹോൾഡർ | 1470 |
| 27/16 | കറമ്പക്കാട് | 18/15-16 | 16380 | 1*40 w | 10 |

| | | | | | |
|---|---|---|---|---|---|
| | എസ്.സി കോളനിയിൽ വൈദ്യുതി ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | തിയതി 31-8-15 | | സിംഗിൾ ട്യൂബ് സെറ്റ് | |
| 31/16 | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് റിപ്പയറിംഗിനുള്ള സാധനങ്ങൾ വാങ്ങൽ | 37/15-16 തിയതി 15-3-16 | 298649 | 36/40w ട്യൂബ് ലൈറ്റ് | 450 |
| | | | | അലൂമിനിയം Ballast | 1300 |
| | | | | SVL ചോക്ക് | 50 |
| | | | | ഇലക്ട്രോണിക്ക് ഇഗ്നിറ്റർ | 50 |
| | | | | 33 MFD കപ്പാസിറ്റർ | 50 |
| | | | | Rotar ഹോൾഡർ | 200 |
| 32/16 | വിവിധ വാർഡുകളിലെ എൽ.ഇ.ഡി. ലൈറ്റ് വാങ്ങൽ | 22/15-16 തിയതി 28-9-15 | 249400 | LED ലാമ്പുകൾ | 50 |
| | | ആകെ | 1091749 | | |

സാധനങ്ങളുടെ ഇനം തിരിച്ചുള്ള ആകെ എണ്ണം താഴെ കാണിച്ച പ്രകാരമാണ്.

പട്ടിക -2

| ക്രമ നമ്പർ | സാധനങ്ങൾ | എണ്ണം |
|---|---|---|
| 1 | ആകെ ട്യൂബ് ലൈറ്റുകൾ | 1080 |
| 2 | കോപ്പർ ബലസ്റ്റ് | 840 |
| 3 | അലൂമിനിയം ബലസ്റ്റ് | 1300 |
| 4 | സ്റ്റാർട്ടർ | 2100 |
| 5 | സ്റ്റാർട്ടർ ഹോൾഡർ | 1470 |
| 6 | SVL ചോക്ക് | 50 |
| 7 | ഇലക്ട്രോണിക്ക് ഇഗ്നിറ്റർ | 50 |
| 8 | 33 MFD കപ്പാസിറ്റർ | 50 |
| 9 | Rotar ഹോൾഡർ | 200 |
| 10 | LED ലാമ്പുകൾ | 50 |

മേൽ പട്ടിക-2ലെ വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും, മെമ്പർമാർക്ക് തുല്യമായി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. എങ്കിലും 105 ട്യൂബ് ലൈറ്റ് സെറ്റുകളുടെ വിതരണ വിവരം ലഭ്യമല്ല. വാങ്ങിയ എല്ലാ സാധനങ്ങളുടെ വിതരണം ക്രമപ്രകാരമല്ല. വിശദാംശങ്ങൾ താഴെ പട്ടിക-3 ൽ കാണിക്കുന്നു.

എ) സിംഗിൾ ട്യൂബ് സെറ്റ്- പഞ്ചായത്തിന്റെ 21 വാർഡുകളിൽ വിതരണം നടത്തിയതിന്റെ വിവരം ലഭ്യമല്ല

പട്ടിക- 3

| KREWS ൽ നിന്നും ലഭ്യമായ ആകെ ട്യൂബ് ലൈറ്റുകൾ single tube set | വാർഡ് നമ്പർ | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മെമ്പർമാർ കൈപ്പറ്റിയ എണ്ണം | 2015-16 ൽ കരാറുകാരൻ സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റ പണി നടത്തിയവയുടെ എണ്ണം |
|---|---|---|---|
| 1080+ 48 (2014-15 ൽ വിതരണം ചെയ്യാതെ അവശേഷിക്കുന്നവ | 1 | 40 | 189 |
| | 2 | 45 | 114 |
| | 3 | 45 | 42 |
| | 4 | 40 | 210 |
| | 5 | 40 | 127 |
| | 6 | 40 | 74 |
| | 7 | 40 | 87 |
| | 8 | 40 | 126 |
| | 9 | 40 | 57 |
| | 10 | 45 | 148 |

| | | | |
|---|---|---|---|
| | 11 | 40 | 197 |
| | 12 | 40 | 84 |
| | 13 | 40 | 59 |
| | 14 | 30 | 123 |
| | 15 | 40 | 147 |
| | 16 | 40 | 132 |
| | 17 | 40 | 125 |
| | 18 | 40 | 88 |
| | 19 | 120 | 83 |
| | 20 | 40 | 125 |
| | 21 | 90 | 143 |
| ആകെ 1128 | | 975+48=1023 | 2480 |

2015-16 വർഷത്തിൽ ക്രൂസിൽ നിന്നും ലഭ്യമായതുൾപ്പെടെ ആകെ അവശേഷിക്കുന്ന 1128 സിംഗിൾ ട്യൂബ് ലൈറ്റ് സെറ്റുകളിൽ , സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 21 വാർഡുകളിലെ മെമ്പർമാർ കൈപ്പറ്റിയിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത് 1023എണ്ണമാണ്. 105 ട്യൂബ് ലൈറ്റ് സെറ്റുകളുടെ വിതരണ വിവരം ലഭ്യമല്ല. വാർഡ് മെമ്പർമാർ കൈപ്പറ്റിയിട്ടില്ലാത്ത 105 സിംഗിൾ ട്യൂബ് ലൈറ്റുകളുടെ വിലയായ (1638*105)171990 രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക ഉത്തരവാധിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

ബി) ട്യൂബ് ലൈറ്റുകളുടെ അറ്റകുറ്റ പണി - കരാറുകാരൻ അധിക തുക കൈപ്പറ്റിയിരിക്കുന്നു. 485152 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണിക്കാവശ്യമായ സാധന സാമഗ്രികൾ പഞ്ചായത്തിൽനിന്നും ലഭ്യമാക്കുന്നതിനാൽ ടി വർഷത്തിൽ AMCയിലൂടെ കരാറുകാരന് ലഭ്യമാക്കിയ ട്യൂബ് ലൈറ്റുകൾ 1023 എണ്ണം എന്നിരിക്കെ , 2480 ട്യൂബ് ലൈറ്റുകളുടെ അറ്റകുറ്റ പണി നടത്തിയതായും, അവ മാറ്റി സ്ഥാപിച്ചിട്ടുള്ളതായും കാണിച്ച് കരാറുകാരൻ റിപ്പയറിനു അധിക തുക കൈപ്പറ്റിയിരിക്കുന്നത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കരാറുകാരന് അധികം നൽകിയ റിപ്പയർ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

i)4/15 മുതൽ 6/15 വരെയുള്ള കാലയളവിൽ AMC ഒപ്പിട്ടിരിക്കുന്നത് ടെണ്ടർ തുകയിലും അധികരിച്ച നിരക്കിലാണ്. (എഗ്രിമെന്റ് നമ്പർ 03/14 തിയതി 20-6-2014)

| ഇനം | നൽകിയ നിരക്ക് | ടെണ്ടർ നിരക്ക് | അധികം നൽകിയത് |
|---|---|---|---|
| ട്യൂബ് സെറ്റ് | 300 | 190 | 110 |
| സി.എഫ്.എൽ | 250 | 150 | 100 |
| എസ്.വി.എൽ | 500 | 400 | 100 |

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള അധിക തുക കരാറുകാരന് നൽകിയത് വഴി പഞ്ചായത്തിനുണ്ടായനഷ്ടം താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം/ തിയതി | ചെലവ് തുക | റിപ്പയർ ചെയ്തതിന്റെ എണ്ണം | ആകെ അധികം |
|---|---|---|---|---|
| 1 | 103/21-4-15 | 81210 | ട്യൂബ് സെറ്റ്-258<br>സി.എഫ്.എൽ-1<br>എസ്.വി.എൽ- 5 | 28980 |
| 2 | 242/25-5-15 | 98300 | ട്യൂബ് സെറ്റ്-296<br>സി.എഫ്.എൽ-12<br>എസ്.വി.എൽ- 13 | 35060 |
| 3 | 407/30-6-15 | 98950 | ട്യൂബ് സെറ്റ്- 294<br>സി.എഫ്.എൽ-11<br>എസ്.വി.എൽ- 16 | 35040 |
| | | | ആകെ | 99080 |

ii)8/15-കാലയളവിൽ AMC കരാറിൽ അംഗീകരിച്ച സോഡിയം വേപ്പർ ലാമ്പ് റിപ്പയർ നിരക്ക് KSEB യുടെ നിരക്കിനെക്കാൾ കൂടുതലാണ്. ട്യൂബ് ലൈറ്റ്, സി.എഫ്.എൽ എന്നിവയുടെ റിപ്പയറിംഗ് ചാർജ് ടെണ്ടർ നിരക്കിനേക്കാൾ അധിക തുകയ്ക്കാണ് കരാറുകാരന് ലഭ്യമാക്കിയിരിക്കുന്നത് (7-7-2015 ലെ എഗ്രിമെന്റ് )

| ഇനം | നൽകിയ നിരക്ക് | ടെണ്ടർ നിരക്ക് | KSEB നിരക്ക് | അധികം നൽകിയത് |
|---|---|---|---|---|
| ട്യൂബ് സെറ്റ് | 300 | 266 | 266 | 34 |
| സി.എഫ്.എൽ | 250 | 159 | 159 | 91 |
| എസ്.വി.എൽ | 500 | 640 | 446 | 54 |

പഞ്ചായത്തിനുണ്ടായ നഷ്ടം

| ക്രമ നം. | വൗച്ചർ നം/ തിയതി | ചെലവ് തുക | റിപ്പയർ ചെയ്തതിന്റെ എണ്ണം | ആകെ അധികം |
|---|---|---|---|---|
| 1 | 525/1-8-15 | 95626 | ട്യൂബ് സെറ്റ്- 293 | 10940 |

| | | | | |
|---|---|---|---|---|
| | | | സി.എഫ്.എൽ-6<br>എസ്.വി.എൽ- 8 | |
| 2 | 624/18-8-15 | 43500 | ട്യൂബ് സെറ്റ്-120<br>സി.എഫ്.എൽ-12<br>എസ്.വി.എൽ- 9 | 5658 |
| | | | ആകെ | 16598 |

III) ക്രൂസിൽ നിന്ന് വാങ്ങിയ ട്യൂബ് സെറ്റുകളുടെ എണ്ണത്തിനെക്കാൾ കൂടുതൽ എണ്ണം കരാറുകാരൻ റിപ്പയർ ചെയ്തതായി കാണിച്ച് അധികം തുക കൈപ്പറ്റിയിരിക്കുന്നു. വിവരം ചുവടെ ചേർക്കുന്നു.

| കാലയളവ് | കരാറുകാരൻ റിപ്പയർ ചെയ്ത ട്യൂബ് സെറ്റുകളുടെ എണ്ണം | ആകെ റിപ്പയർ ചെയ്ത ട്യൂബ് സെറ്റുകളുടെ എണ്ണം | 2015-16 ൽ ക്രൂസിൽ നിന്ന് വാങ്ങിയ ആകെ ട്യൂബ് സെറ്റുകളുടെ എണ്ണം (മുന്നിറിപ്പ് ഉൾപ്പെടെ) | റിപ്പയർ നിരക്ക് | കരാറുകാരന് അധികം നൽകിയത് |
|---|---|---|---|---|---|
| 4/15 മുതൽ 6/15 വരെ | 848 | 1261 | 1023 | @ 190/ ട്യൂബ് സെറ്റ് | 45220<br>(238 * 190) |
| 8/15 | 413 | | | | |
| 9/15 മുതൽ 3/16 വരെ | 1219 | 1219 | 0 | @ 266/ ട്യൂബ് സെറ്റ്) | 324254<br>(1219*266) |
| ആകെ | 2480 | | | | 369474 |

കരാറുകാരന് അധികം നൽകിയ റിപ്പയർ ചാർജ്ജ് (I + II + III) 99080+16598+369474 = 485152 രൂപ നിരാകരിക്കുന്നു. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് തിരിച്ചടയ്ക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി. സേവനത്തിനു ചെലവഴിച്ച വികസന ഫണ്ട് ഇരുട്ടറയിൽ മുടങ്ങിക്കിടക്കുന്നു

9-12-2016 ലെ സ്റ്റോക്ക് പരിശോധിച്ചതിൽ

പട്ടിക -2 ലെ ക്രമ നമ്പർ 2 മുതൽ 10 വരെ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി എല്ലാ വാർഡ് മെമ്പർമാർക്കും തുല്യമായി വീതിച്ചു നൽകിയതായി കാണുന്നുവെങ്കിലും, യഥാർത്ഥത്തിൽ സ്റ്റോർ റൂമിൽ കൂട്ടിയിട്ട അവസ്ഥയിലാണ്. റിപ്പയറിനു എത്ര സാധനങ്ങൾ ഉപയോഗിച്ചു, എത്ര സാധനങ്ങൾ അവശേഷിക്കുന്നു എന്ന തിരിച്ചറിയുവാൻ സാധിക്കാത്ത വിതമാണ് സ്റ്റോക്കിന്റെ അവസ്ഥ നിലനിൽക്കുന്നത്. മുൻകൂട്ടി ആവശ്യകത വിലയിരുത്താതെ വികസന ഫണ്ട് ചെലവഴിക്കുവാൻ മാത്രമാണ്

നിർവ്വഹണോദ്യോഗസ്ഥനും, ഭരണസമിതിയും താത്പര്യം കാണിച്ചിട്ടുള്ളതെന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്.

ആയിരക്കണക്കിന് ട്യൂബ് ലൈറ്റുകൾ വാങ്ങിയിട്ടുണ്ടെങ്കിലും സ്റ്റോർ റൂമിൽ ട്യൂബ് ലൈറ്റ് കത്തുന്നില്ലെന്നതിനാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്യാതെ അവശേഷിക്കുന്ന താഴെ കാണിച്ചിട്ടുള്ള സാധനങ്ങളുടെ കൃത്യമായ എണ്ണം പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിച്ചില്ല.
സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്യാതെ അവശേഷിക്കുന്ന സാധനങ്ങൾ

സിംഗിൾ ട്യൂബ്സെറ്റ് 25 എണ്ണം

MFD കപ്പാസിറ്റർ- 8

ഇഗ്നിറ്റർ - 8

സ്റ്റാർട്ടർ ഹോൾഡർ -846

സോഡിയം ചോക്ക്- 40

താഴെ കാണിച്ചിട്ടുള്ള സാധനങ്ങൾ കൂട്ടിയിട്ട അവസ്ഥയിലുള്ളതിനാൽ കൃത്യമായ എണ്ണം കണക്കാക്കാൻ സാധിച്ചിട്ടില്ല.



സ്റ്റോക്ക് റൂമിൽ കൂട്ടിയിട്ടിരിക്കുന്ന അലുമിനിയം ബലസ്റ്റ്



ഇലക്ട്രോണിക്ക് ചോക്ക് 216 എണ്ണം
(6 pack)- നിലവിൽ ഉപയോഗിക്കുന്നില്ല



ഡബിൾ ട്യൂബ്സെറ്റ് 11എണ്ണം

സി.എഫ്.എൽ 380 എണ്ണം ഉപയോഗപ്പെടുത്താതെ സൂക്ഷിച്ചിട്ടുണ്ട്. 2015-16 ലെ തെരുവ് വിളക്കിന് ചെലവഴിച്ച വികസന ഫണ്ട് ലക്ഷ്യം കാണാതെ മുടങ്ങിക്കിടക്കുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൽ

തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തം ഒരു യൂണിറ്റായി കണ്ട് സമഗ്ര പദ്ധതികൾ തയ്യാറാക്കേണ്ടതാണെന്ന പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാനും, വാർഡ് അടിസ്ഥാനത്തിലുള്ള പ്രോജക്ടുകളുടെ നടത്തിപ്പ് രീതി ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

ഓരോ വാർഡിലെ തെരുവ് വിളക്ക് റിപ്പയറിനു ആവശ്യകത മുൻകൂട്ടി വിലയിരുത്തുകയും, കെ.എസ്.ഇ.ബി. യിൽ നിന്നും ക്ലിയറൻസ് വാങ്ങിയതിനു ശേഷം മാത്രമെ സപ്ലൈ ഓർഡർ നൽകുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങിയത് തെരുവ് വിളക്ക് രജിസ്റ്റർ, സ്റ്റോക്ക രജിസ്റ്റർ എന്നിവയിൽ കൃത്യമായി ഇൻവോയ്സ് നമ്പർ, തിയതി എന്നിവയുൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയും, മെമ്പർമാർക്ക് നേരിട്ടു വിതരണം ചെയ്യാതെ ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ റിപ്പയർ നടത്തുന്നത് സംബന്ധിച്ച കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്.

വാറണ്ടി കാലയളവ് പൂർത്തിയാകുന്നതിനു മുൻപ് സാധനങ്ങൾ ഉപയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഉപയോഗ ശൂന്യമായ ഇലക്ട്രിക്കൽ സാധനങ്ങൾ തിരിച്ചെടുക്കാനായി പ്രസ്തുത സ്ഥാപനത്തോട് ആവശ്യപ്പെടാവുന്നതാണ്.

വികസന ഫണ്ട് പരമാവധി ഫലപ്രധമായ രീതിയിൽ വികസന പ്രവൃത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 പാലീയേറ്റീവ് കെയർ ഭക്ഷണ ചെലവിന് അധിക തുക നല്കിയത് സംബന്ധിച്ച്.

പ്രോജക്റ്റ് നം. S0021/2016 പ്രോജക്റ്റ് ചെലവ് : 400000

ചെക്ക് നം. 130975 dt.15.2.2016 പിൻവലിച്ച തുക 27290

ബിൽ നം.7/15-16 തീയതി.5.2.16

സർക്കാർ ഉത്തരവ് (സാധാ) 3217/2015/തസ്വഭവ തീയതി 29.10.2015

പ്രകാരം പാലിയേറ്റീവ് കെയറിന്റെ ഭാഗമായി ഗൃഹ സന്ദർശനം നടത്തുന്ന സന്നദ്ധ

പ്രവർത്തർക്ക് (പരമാവധി 3 പേർക്ക് ) ഒരാൾക്ക് 60 രൂപ വച്ച് ഭക്ഷണ ചെലവിനത്തിൽ ചെലവഴിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അത് പ്രകാരം ഒരു ദിവസം ചെലവഴിക്കാവുന്ന പരമാവധി തുക 180 രൂപയാണ്. അതിന് വിപരീതമായി മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ പാലിയേറ്റീവ് പരിചരണത്തിൽ ഗൃഹ സന്ദർശന ദിവസങ്ങളിലെ ഭക്ഷണ ചെലവിനായി 450 രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം/തീയതി | ചെലവഴിച്ച തുക | ചെലവഴിക്കാവുന്ന തുക | അധികം |
|---|---|---|---|
| 226/1.12.2015 | 450 | 180 | 270 |
| 228/4.12.2015 | 450 | 180 | 270 |
| 230/5.12.2015 | 450 | 180 | 270 |
| 232/7.12.2015 | 450 | 180 | 270 |
| 234/8.12.2015 | 450 | 180 | 270 |
| 236/14.12.2015 | 450 | 180 | 270 |
| 238/15.12.2015 | 450 | 180 | 270 |
| 240/17.12.2015 | 450 | 180 | 270 |
| 244/18.12.2015 | 450 | 180 | 270 |
| 246/19.12.2015 | 450 | 180 | 270 |
| 248/21.12.2015 | 450 | 180 | 270 |
| 252/23.12.2015 | 450 | 180 | 270 |

ആകെ 3240

ആയതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 3 തീയതി 7/12/2016) പുതിയ ഉത്തരവ് ലഭിച്ചത് 2016 ജനവരി മാസത്തിലാണെന്നുള്ള മറുപടി കിട്ടിയിട്ടുണ്ട്.ആയത് ഓഡിറ്റ് അംഗീകരിക്കുന്നു. വരും വർഷങ്ങളിൽ ഇത് ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 സർക്കാർ ഉത്തരവിന് വിരുദ്ധമായി സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ചത് സംബന്ധിച്ച്.

9.12.2004 ലെ സർക്കാർ ഉത്തരവ് നംപർ 330/2004/ത.സ്വ.ഭ.വ (4-6,4-8) എന്നിവയും,28.11.2012 ലെ

ഗവ.സർക്കുലർ നമ്പർ 68228/എഫ്.എം.1/2012, 30.1.2008 ലെ സർക്കുലർ നമ്പർ 75326 തുടങ്ങിയവ പ്രകാരം സംരക്ഷണഗ്രാന്റ് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ചെലവുകൾക്കായിമാത്രം ഉപയോഗിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിന്റെ തനത് ആസ്തികളുടെ നിർമ്മാണത്തിനും കോൺക്രീറ്റ് റോഡുകളുടെ നിർമ്മാണത്തിനായും ചെലവഴിച്ചതായി കാണുന്നുണ്ട്.വിവരം ചുവടെ.

| ക്ര.നം. | വൗ.നംപറും | തുക | പ്രവർത്തിയുടെ പേര് |
|---|---|---|---|

| | | | |
|---|---|---|---|
| | തിയതിയും | | |
| 1 | 1/14.07.2015 | 200000 | പഞ്ചായത്ത് കല്യാണമണ്ഡപം ചുറ്റുമതിൽ നിർമ്മാണം |
| 2 | 6/24.07/2015 | 213659 | കാഡാകനാൽ അറ്റകുറ്റ പണി. |
| 3 | 162/31.03.2016 | 341523 | പറക്കോട്-കുറിശ്ശിമല കുടിവെള്ളപദ്ധതി |
| 4 | 172/31.03.2016 | 317874 | പൂട്ടൂർകുടിവെള്ളപദ്ധതി. |
| 5 | 171/31.03.2016 | 100000 | അണ്ടലംകോട് കുടിവെള്ളപദ്ധതി |
| 6 | വിവിധവാർഡുകളിൽ കോൺക്രീറ്റ് റോഡുകൾക്കായി (37 പദ്ധതികളിലായി) 69/-ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. | | |

ഇതിൽ ക്രമനംപർ 2 പ്രകാരം പഞ്ചായത്തിന്റെയോ കൈമാറികിട്ടിയ സ്ഥാപനത്തിന്റേയോ അല്ലാത്ത സ്ഥാപനത്തിനായി തുക ചെലവഴിച്ചത് തടസ്സപ്പെടുത്തുന്നു.(രൂപ 213659/-).കൂടാതെ സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചതിന് വിശദീകരണം നല്കേണ്ടതാണ്.

## 3-5 ഒറ്റടെണ്ടറിന് അംഗീകാരം നല്കിയത് ചട്ടവിരുദ്ധം.

ബിൽ.നം.1. 149/15.03.2016------------82684/-രൂപ.

,, ,, 2. 155/22.03.2016-----------466542/-രൂപ.

കരാറുകാരൻ. ടി.ചന്ദ്രൻ.

1997 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടം 11(1) പ്രകാരവും തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എൻജിനീയറുടെ 15.11.2014 ലെ ഡി.ബി.1/1559 /2010/സി.ഇ/LSGD എന്നനംപറിലുള്ള സർക്കുലർ പ്രകാരവും ഒരുടെന്റർമാത്രമാണ് ലഭിച്ചതെങ്കിൽ ( എസ്റ്റിമേറ്റിനേക്കാളും കുറവായാൽപ്പോലും) സ്വീകരിക്കേണ്ടതില്ലെന്നുപറയുന്നു.

എന്നാൽ പൂങ്ങോട് റോഡ് റീ-ടാറിംഗ് എന്നപ്രവർത്തിയിൽ ഒരുകരാറുകാരൻ മാത്രമേ പങ്കെടുത്തിട്ടുള്ളൂ.ടിയാന് ടെൻണ്ടർ ഉറപ്പിച്ചുനല്കുകയും ചെയ്തു.( ടിയാൻ 0.1% കുറവ് കോട്ട്ചെയ്തു.) ഇതിലേക്ക് നല്കിയ ഓഡിറ്റ് അന്യേഷണത്തിന് കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരത്തോടെ നടപ്പാക്കിയതാണ് എന്നറിയിച്ചു.ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകൾ ഇല്ല

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന്

മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| ജല അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 42515/15-10-15 | 300000 | തുകയുടെ വിനിയോഗ വിവരം ലഭ്യമായില്ല. | | |
| | | 129503/31.1.16 | 300000 | | | |
| | | 425116/15-10-15 | 100000 | | | |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | വൈദ്യുതി ലൈൻ നീട്ടൽ | 137620/26.3.16 | 29625 | | | |
| | | 137621/26.3.16 | 217588 | | | |
| | | 137619/26.3.16 | 161055 | | | |
| | | 425544/9.9.15 | 26000 | | | |
| | | 140325/7.4.16 | 65983 | | | |
| | | 425543/9.9.15 | 49050 | | | |
| | | 425545,425542/9.9.15 | 149985 | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല

## 4-4 വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻ വർഷം എടുത്ത വായ്പ തുക | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ഭവന പദ്ധതി | സ.ഉ.നം.957/10 20.3.10 Lsgd | 6291884 | 0 | 1000000 | 579885 | 5291884 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3-4 | 12578 | അസി.എഞ്ചിനിയർ | ചലാൻനം.182,184,185,187,188,189dt.nil |
| 2012-13 | 2-1(2) | 780 | സുസ്മിത സബീന കുമാരൻ(തൊഴിൽ നികുതി) | രശീത് നമ്പർ11509102133/2113 /2119/3.7.15 |
| 2012-13 | 3-14 | 2821 | അസി.എഞ്ചിനിയർ | ചലാൻനം.62/29.6.15 |
| ആകെ 16179 | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായുള്ള മൃഗസംരക്ഷണമേഖലയെ സംബന്ധിച്ച പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ടിൽ പിരായിരി ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിലെ പരാമർശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. വിഷയം നാളിതുവരെ ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 82960863 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74504707 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 657142 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 213659 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 3-2 ( എ) | 171990 | ശിവകുമാർ.സി.എസ് സെക്രട്ടറി | 99918 രൂപ |
| | | ജോയ്സൺ (ചാർജ്ജ്) സെക്രട്ടറി | 72072 രൂപ |
| 3-2(ബി) | i)99080<br>ii) 16598<br>iii)369474 | ശിവകുമാർ.സി.എസ് സെക്രട്ടറി | |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 ( എ) | 99918 രൂപ | സി.എസ്.ശിവകുമാർ<br>ഉഷസ്സ്, ബി ബ്ലോക്ക്<br>ഹരിശങ്കർ റോഡ്,താരേക്കാട്<br>പാലക്കാട് |
| 3-2(ബി) | i)99080<br>ii) 16598<br>iii)369474 | |
| 3-2 ( എ) | 72072 രൂപ | ജോയ്സൺ<br>മുറ്റത്ത് ഹൌസ്,സെന്റ് തോമസ് നഗർ<br>കൊട്ടുന്തിരപ്പള്ളി, പാലക്കാട് – 678004 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 213659 | അഹമ്മദ് കബീർ ,<br>അസിസ്റ്റന്റ് എഞ്ചിനിയർ |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സി.എസ്.ശിവകുമാർ | റിട്ടയർഡ് | സി.എസ്.ശിവകുമാർ<br>ഉഷസ്സ്, ബി ബ്ലോക്ക്<br>ഹരിശങ്കർ<br>റോഡ്,താരേക്കാട്<br>പാലക്കാട് |
| ജോയ്സൺ | അസിസ്റ്റന്റ് സെക്രട്ടറി<br>പെരുവെമ്പ്<br>ഗ്രാമ പഞ്ചായത്ത് | ജോയ്സൺ<br>മുറ്റത്ത് ഹൌസ്,സെന്റ്<br>തോമസ് നഗർ<br>കൊട്ടന്തിരപ്പുള്ളി,<br>പാലക്കാട് – 678004 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LF.P12/904/05/20.01.06 | ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് |
| 1997-98 | LF.P12/42/06/19.04.06 | ഓഡിറ്റ് തടസ്സം സംബന്ധിച്ച് |
| 1998-99 | LF.P7/756/01/15.07.06 | ഫർദർ റിമാർക്സ് |
| 1999-00 | LF.P12/462/09/12.06.09 | ചാർജ്/സർചാർജ് സംബന്ധിച്ച് |
| 2000-01 | LF.P12/1396/05/04.01.06 | ഓഡിറ്റ് റിപ്പോർട്ട് |
| 2001-02 | LF.P12/1631/07/05.04.08 | ഫർദർ റിമാർക്സ് |
| 2002-03 | LF.P12/558/06/09.10.06 | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | LF.P14/1405/13/22.10.13 | സെക്രട്ടറിയുടെ ബാദ്ധ്യത |
| 2004-05 | LF.P17/1074/10/01.12.10 | ഫർദർ റിമാർക്സ് |
| 2005-06 | LF.P17/1074/10/01.12.10 | ഫർദർ റിമാർക്സ് |
| 2006-07 | LF.P17/1068/10/19.11.10 | ഫർദർ റിമാർക്സ് |
| 2007-08 | LF.P17/1032/11/14.12.11/05.06.12 | ഫർദർ റിമാർക്സ് |
| 2008-09 | LF.P17/1032/11/14.12.11/05.06.12 | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| 2009-10<br>2010-11<br>2011-12 | LF.P17/2763/13/06.01.14 | ഫർദർ റിമാർക്സ് |
| 2012-13 | എൽ എഫ് പി 17/390/2015 /2-5-15 | ഫർദർ റിമാർക്സ് |
| 2013-14 & 2014-15 | നം. കെ.എസ്.എ-പികെഡി-17/1427/16 തിയ്യതി:8.8.2016 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 1

## സാക്ഷ്യപത്രം

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമ പഞ്ചായത്തിന്റെ 31/3/2016 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പിരായിരി ഗ്രാമ പഞ്ചായത്ത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- വകുപ്പ് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 204 എന്നിവ പ്രകാരം തയ്യാറാക്കിയ 2015-2016 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പിരായിരി ഗ്രാമ പഞ്ചായത്ത്

വാർഷിക ധനകാര്യ പത്രിക – 2015-2016

ന്യൂനതാ സംഗ്രഹം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.
2. വസ്തു നികുതി ഡിമാന്റ്, അരിയർ ഡിമാന്റ് എന്നിവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

ഡെപ്യൂട്ടി ഡയറക്ടർ

Audit Certificate

Certified that I have examined the Annual Financial Statement of PIRAYIRI GRAMA PANCHAYATH for the

year ended 31.03.16 in Palakkad District in accordance with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of PIRAYIRI GRAMA PANCHAYATH prepared in accordance with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income, expenditure and closing balance except for the defects pointed in this certificate.

Deputy Director

Abstract of defects

1. Asset Register not linked with Sankya.
2. Demand and Arrear demand of profession tax shown in the registers are not in agreement with AFS.

Deputy Director